II.ഇ.ബി. XII-കേരള നിയമസഭ/XI-21

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 23, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

70(*629) മത്സ്യസംസ്ക്കരണ വ്യവസായം

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മൽസ്യസംസ്ക്കരണ വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പ് സുനാമി അടിയന്തിര സഹായ പദ്ധതിയിലും സുനാമി പുനരധിവാസ പദ്ധതിയിലും ഉൾപ്പെടുത്തി വിവിധ ചെറുകിട മൽസ്യസംസ്ക്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും പച്ച മൽസ്യവും കക്ക, ചിപ്പി എന്നിവയും വൃത്തിയാക്കി ഗുണമേന്മയോടെ വിപണനം നടത്തുന്നതിനും, മൽസ്യം, കക്ക, ചിപ്പി എന്നിവ അച്ചാർ ആക്കി വിപണനം നടത്തുന്നതിനും, ആധുനിക രീതിയിലുള്ള ഡ്രയർ ഉപയോഗിച്ച് മൽസ്യം ഉണക്കി സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുമുള്ള ചെറുകിട സംരംഭങ്ങളാണ് ഇത്തരത്തിൽ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും മൽസ്യം ഉണക്കി സംസ്ക്കരിക്കുന്നതിന് കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിലും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തും

ഓരോ ഡ്രൈഫിഷ് കോംപ്ലക്സ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്നും കൊല്ലം ജില്ലയിലെ ആലപ്പാട്, ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം, ആറാട്ടുപുഴ എന്നിവിടങ്ങളിൽ ക്ലസ്റ്റർ പ്രൊഡക്ഷൻ സെന്ററുകൾ (സി.പി.സി) സ്ഥാപിതമായിട്ടുണ്ടെന്നും മത്സ്യ സംസ്ക്കരണ വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിന് കേരള സർക്കാർ ‘നളപാകം’ എന്ന ഒരു നൂതന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും മൽസ്യഫെഡിന്റെ കീഴിൽ കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ എം.പി.ഇ.ഡി.എ.യുടെ സഹായത്തോടെ ഒരു കമ്മ്യൂണിറ്റി പീലിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞുവെന്നും സഭയെ അറിയിച്ചു. ‘നളപാകം’ പദ്ധതിയിൻകീഴിൽ പാക്കേജിംഗിനും ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുമായിട്ടുള്ള വളരെ നൂതന ഉപകരണങ്ങളായ വാക്വം പാക്കിംഗ് ഉപകരണങ്ങൾ, ഫ്രീസറുകൾ, ചിൽഡ് സ്റ്റോറേജ് മുറികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ‘നളപാകം’ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻ.എഫ്.ഡി.ബി) -ന്റെ ധനസഹായം ലഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പനങ്ങാട് ഫിഷറീസ് കോളേജിൽ വികസിപ്പിച്ചെടുത്ത സോളാർ ടെന്റ് ഡ്രയർ യൂണിറ്റുകളാണ് സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം വിതരണം ചെയ്തത്. ഗുണഭോക്താക്കൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആന്റ് ട്രെയിനിംഗ് (നിഫാറ്റ്) - ൽ വിദഗ്ദ്ധ പരിശീലനം നൽകുക വഴി മൽസ്യസംസ്ക്കരണ രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനും പ്രയോഗത്തിൽ കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം മത്സ്യബന്ധന

തുറമുഖത്തും ചേറ്റുവ മത്സ്യബന്ധന തുറമുഖത്തും ഫ്ളേക്ക് ഐസ് യൂണിറ്റും ചിൽ റൂമും സ്ഥാപിക്കുന്നതിനുള്ള സഹായത്തിനായി (80 ലക്ഷം രൂപ) ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാർ സ്ഥാപനമായ എം.പി.ഇ.ഡി.എ.-ക്ക് സമർപ്പിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ 285 ലക്ഷം രൂപ ചെലവ് ചെയ്ത് ആരംഭിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള കമ്മ്യൂണിറ്റി പീലിംഗ് സെന്റർ എം.പി.ഇ.ഡി.എ.യുടെ സഹായത്തോടെ ആരംഭിക്കുന്നതാണ്. സുനാമി അടിയന്തിര സഹായ പദ്ധതിയും സുനാമി പുനരധിവാസ പദ്ധതിയും പ്രകാരം പ്രവർത്തിച്ചുവരുന്ന യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന തീരമൈത്രി ഉൽപ്പന്നങ്ങൾ ആധുനിക രീതിയിൽ പാക്ക് ചെയ്ത് വിപണനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി മത്സ്യവിപണന തൊഴിലാളികൾക്ക് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുവാൻ ഇൻസുലേറ്റഡ് ബോക്സുകൾ വിതരണം ചെയ്യുന്ന പദ്ധതിയും ഉൽപ്പന്നങ്ങൾ വൃത്തിയായും ശുദ്ധിയായും സൂക്ഷിക്കുന്നതിന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് സാഫ് പരിശീലനം നൽകിവരുന്ന പദ്ധതിയും മത്സ്യഫെഡ്, എം.പി.ഇ.ഡി.എ.യുടെ സഹായത്തോടുകൂടി മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നീ ഹാർബറുകളിൽ ഐസ് പ്ളാന്റും ചെറിയ സ്റ്റോറും നിർമ്മിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കിവരുന്നു. പീലിംഗ് മേഖലയിൽ പണിയെടുക്കുന്ന സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യോൽപ്പാദനം

വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ട് രൂപംനൽകിയിട്ടുള്ള മൽസ്യ കേരളം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. രണ്ടാംഘട്ട പ്രവർത്തനം അടുത്തയാഴ്ച ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുന്നതാണ്. രണ്ടുംമൂന്നും ഘട്ടം പൂർത്തിയാകുന്നതോടെ മത്സ്യസംസ്ക്കരണ യൂണിറ്റുകളുടെ സ്ഥാപിതശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തുകയെന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. പ്രാദേശികാടിസ്ഥാനത്തിൽ മൽസ്യസംസ്ക്കരണത്തിന് വേണ്ടി രൂപീകരിച്ചിട്ടുള്ള വനിതാ യൂണിറ്റുകൾക്ക് ഇതിനകം തന്നെ സഹായം നൽകിവരുന്നുണ്ട്. മത്സ്യസംസ്ക്കരണ യൂണിറ്റുകൾ കോസ്റ്റൽ ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. മൽസ്യക്കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. മൽസ്യ കയറ്റുമതിയുടെ ആഭ്യന്തര മാർക്കറ്റ് വികസിപ്പിക്കുന്നതിന് സാഫിന്റെ സഹായത്തോടുകൂടി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആയിരത്തോളം ചെറുകിട വനിതാ യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ബീച്ച് ഫെസ്റ്റിവലിന്റെ ഭാഗമായി പാകം ചെയ്ത് വിതരണം ചെയ്യുന്ന മൽസ്യ വിഭവങ്ങളുടെ സാധ്യത കണ്ടത്തി കൂടുതൽ പ്രോൽസാഹിപ്പിക്കുന്നതിന് സഹായകരമായ സമീപനം സ്വീകരിക്കുന്നതാണ്. മൽസ്യ വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിനുവേണ്ടി ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എം.പി.ഇ.ഡി.എ. യുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരമുള്ള 62 മൽസ്യ സംസ്ക്കരണ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. 2128 ടൺ സ്ഥാപിതശേഷിയുള്ള ഈ

യൂണിറ്റുകളിൽ മൽസ്യസമ്പത്തിന്റെ ലഭ്യതക്കുറവ് കാരണം സ്ഥാപിത ശേഷിയുടെ 25 ശതമാനം മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ഡീപ്പ് സീ ഫിഷിംഗിന് പരിശീലനം കൊടുക്കുന്നുണ്ട്. മൽസ്യസമ്പത്ത് കൂടുതൽ ലഭിക്കുന്നതിന് ഡീപ് സീ ഫിഷിംഗ് വ്യാപിപ്പിക്കാനും അങ്ങനെ ലഭിക്കുന്ന മൽസ്യങ്ങൾ കയറ്റുമതി ചെയ്യാനും നടപടി സ്വീകരിക്കുന്നതാണ്. പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് ഒഴിവാക്കുന്നതിനും അവർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും മത്സ്യഫെഡ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മൽസ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ശീതീകരണ സംഭരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. അരൂരിൽ മൽസ്യ സംസ്ക്കരണ ശാലകളിൽനിന്നുള്ള മാലിന്യം സംസ്ക്കരിക്കുന്നതിന് ഒരു സൊസൈറ്റി രൂപീകരിക്കുകയും ആരോഗ്യ-വ്യവസായ, ഫിഷറീസ് വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട എം.എൽ.എ.യും ചേർന്ന് നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് 21 കോടി രൂപയുടെ പ്രോജക്ട് വ്യവസായ വകുപ്പുവഴി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി സംസ്ഥാന ബഡ്ജറ്റ് വിഹിതമായ 25 ലക്ഷം രൂപ ജില്ലാ കളക്ടർ വഴി കൈമാറിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യസംസ്ക്കരണ യൂണിറ്റുകൾ കുമരകത്ത് ആരംഭിക്കേണ്ടതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കുന്നതിന് മൽസ്യ ഫെഡ്ഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരപ്രദേശത്ത് സുലഭമായി ലഭിക്കുന്ന മൽസ്യ സമ്പത്ത് ഒരു കാരണവശാലും ഇറക്കുമതി ചെയ്യാൻ പാടില്ലെന്നുള്ള

സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന മൽസ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഒക്ടോബർ മാസത്തോടെ സേഫ്റ്റി ബീക്കൺ കൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും വേമ്പനാട്ട് കായലിലെ വംശനാശം സംഭവിക്കുന്ന മൽസ്യങ്ങളുടെ സംരക്ഷണത്തിനും കുളവാഴ നീക്കം ചെയ്യുന്നതിനുമായി സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

71(*630) <u>അംഗീകൃത അറവുശാലകൾ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള 44 അറവുശാലകളിൽ 20 എണ്ണമാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ അംഗീകൃത അറവുശാലകൾ സ്ഥാപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂർണ്ണ രൂപത്തിലുള്ള വിധിന്യായം പഠിച്ചതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് പറ യാൻ കഴിയുകയുള്ളു. ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപി ക്കുന്നതിന് കേരള ശുചിത്വ മിഷന്റേയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയും സ്വന്തമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നട പടി സ്വീകരിച്ചുവരുന്നുണ്ട്. ലൈസൻസുള്ള കശാപ്പ്ശാലകളിൽ മാത്രമേ മൃഗങ്ങളെ കശാപ്പ് ചെയ്യാൻ പാടുള്ളൂ, കശാപ്പിനായി കൊണ്ടുവരുന്ന

മൃഗങ്ങളെ സൂക്ഷിക്കാനും ഡോക്ടർക്ക് പരിശോധിക്കാനും ആവശ്യമായ സ്ഥലം കണ്ടെത്തുക, മൃഗങ്ങളെ വണ്ടിയിൽനിന്ന് ഇറക്കുന്നതിന് റാമ്പ് സൗകര്യം ഏർപ്പെടുത്തുക, മൃഗങ്ങൾക്ക് വിശ്രമത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുക, രോഗമുണ്ടെന്ന് സംശയിക്കുന്ന മൃഗങ്ങളെ സൂക്ഷിക്കാൻ പ്രത്യേക സൗകര്യം ഏർപ്പെടുത്തുക, മാലിന്യങ്ങളും മൃഗങ്ങളുടെ വിസർജ്ജ്യങ്ങളും സംസ്ക്കരിക്കുന്നതിന് ആവശ്യമായ ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കുക, സ്ലോട്ടർ ഹൗസ് കെട്ടിടത്തിന്റെ കെട്ടിടം, തറ, ഭിത്തികൾ, മേൽക്കൂര, ജനലുകൾ, ഡ്രെയിനേജ്, ജലലഭ്യത, ശുചീകരണ സൗകര്യങ്ങൾ, വെളിച്ചം എന്നിവയൊക്കെ നിർദ്ദിഷ്ട സൗകര്യങ്ങളോടും ക്രമീകരണങ്ങളോടും കൂടിയതായിരിക്കുക തുടങ്ങി അറവുശാലകൾക്ക് ഉണ്ടായിരിക്കേണ്ട ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്. അറവുശാലകളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനും ആന്റിമോർട്ടം, പോസ്റ്റ്മോർട്ടം പരിശോധനകൾ നടത്താനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി അപ്രകാരം ചെയ്യുന്നുവെന്ന് ഉറപ്പാക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇറച്ചി വിൽപ്പന കേന്ദ്രങ്ങളിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കേണ്ടത് ഇറച്ചി വിൽപ്പനക്കാർ തന്നെയാണ്. ഭക്ഷ്യയോഗ്യമല്ലാത്ത മൃഗഭാഗങ്ങൾ, തോൽ, കൊമ്പ്, ആന്തരീകാവയവങ്ങൾ തുടങ്ങിയവ ഇറച്ചിക്കടകളിൽ കൊണ്ടുവരാൻ പാടില്ലാത്തതും എല്ലുകളും മറ്റ് അവശിഷ്ടങ്ങളും സൂക്ഷിക്കാൻ പ്രത്യേകം പാത്രം ഇറച്ചിക്കടകളിൽ കരുതേണ്ടതുമാണ്. ഈ അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ പൊതു സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. മാംസ വിൽപ്പന നടത്തുന്ന സ്ഥലങ്ങളിൽ അവശിഷ്ടങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനമുണ്ടായാൽ

മാത്രമേ ലൈസൻസ് നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാംസാവശിഷ്ടങ്ങൾ സംസ്ക്കരിക്കാൻ തയ്യാറാകാത്ത കച്ചവടക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാനുള്ള നിയമം ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്. ഇറച്ചിക്കടകൾക്കു മുന്നിലെ മാംസപ്രദർശനം തടയുന്നതിനുള്ള നടപടി കൂടുതൽ കർക്കശമാക്കുന്നതാണ്. ലൈസൻസ് ഇല്ലാത്ത അറവുശാലകളെ കണ്ടെത്തുന്നതിനുള്ള പരിശോധന ശക്തമാക്കിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കശാപ്പിനായി കൊണ്ടുവരുന്ന മൃഗങ്ങളെ പരിശോധിക്കാൻ ചെക്ക്പോസ്റ്റുകളിൽ സംവിധാനം ഏർപ്പെടുത്തുന്നതാണ്. അറവുശാലകളിൽ കൊണ്ടുവരുന്ന മൃഗങ്ങളെ പരിശോധിക്കാൻ ആവശ്യമായ വെറ്ററിനറി ഡോക്ടർമാർ ഇല്ലാത്ത സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4782 മുതൽ 4963 വരെയുള്ള ചോദ്യങ്ങളിൽ 122 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)